**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3954** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആർ.എസ്.ബി.വൈ. ഇൻഷുറൻസ് സ്കീം പ്രകാരമുള്ള ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുതിർന്ന പൗരന്മാർക്ക് ആർ.എസ്.ബി.വൈ. ഇൻഷുറൻസ് സ്കീമിലൂടെ ചികിത്സ നൽകിയിരുന്നത് സ്വാഗതാർഹമാണെങ്കിലും 24.1.2023 ലെ കേന്ദ്ര ഉത്തരവ് പ്രകാരം നിർബന്ധിത ബയോമെടിക് രേഖയുള്ളവർക്ക് മാത്രമേ ചികിത്സ നൽകാനാകൂ എന്ന രീതി നിഷ്കർഷിച്ചത് പാവങ്ങൾക്ക് തിരിച്ചടിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രീതി പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ; | (എ) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ക്ലെയിം പ്രോസസ്സിംഗ് ചെയ്യുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ റ്റി.എം.എസ് പ്ലാറ്റ്ഫോമിലാണ്. പ്രസ്തുത പ്ലാറ്റ്ഫോമിൽ 23.01.2023തീയതി മുതൽ ചികിത്സാ സേവനങ്ങൾക്കായി ആധാർ നിർബന്ധമാക്കിയിട്ടുള്ളതിനാലാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ പരിഹാരക്രമങ്ങൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നാഷണൽ ഹെൽത്ത് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 03-02-2023 തീയതിൽ നടന്ന ഗവേർണിംഗ് ബോഡി മീറ്റിംഗിൽ ഇക്കാര്യം നാഷണൽ ഹെൽത്ത് അതോറിറ്റി പ്രതിനിധിയെ നേരിട്ടും അറിയിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാർ ഇക്കാര്യം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.** |
| (ബി) | മുൻപ് എടുത്ത ബയോമെടിക് തിരിച്ചറിയൽ രേഖ പ്രായാധിക്യം കൊണ്ട് പുതുതായി എടുക്കുന്നതുമായി സാമ്യമുള്ളതല്ല എന്ന കാരണം പറഞ്ഞ് ചികിത്സ നിഷേധിക്കുന്നത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഇക്കാരണത്താൽ ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകരുത് എന്ന നിർദ്ദേശം ബന്ധപ്പെട്ട ആശുപത്രികൾക്ക് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ